ടൂറിസം വികസനം

199 (201) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര- നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി എത്ര പുതിയ പദ്ധതികൾക്ക് ഈ വർഷം അനുവാദം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ പദ്ധതികൾക്കായി മൊത്തം എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) 1999-2000 സാമ്പത്തിക വർഷത്തിൽ എത്ര വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി 49 പുതിയ പദ്ധതികൾക്ക് ഈ വർഷം അനുവാദം നൽകിയിട്ടുണ്ട്.

(ബി) മുകളിൽപറഞ്ഞ 49 പദ്ധതികൾക്കും, മുൻ വർഷങ്ങളിൽ അനുവാദം നൽകി തുടർന്നുവരുന്നതായ പദ്ധതികൾക്കുമായി 60 കോടിയോളം രൂപ ടൂറിസം വകുപ്പ് ചെലവഴിക്കുന്നുണ്ട്.

(സി) 1999-ൽ 20,2173 വിദേശ ടൂറിസ്റ്റുകളും 2000-ൽ 20,9893 വിദേശ ടൂറിസ്റ്റുകളും (താൽക്കാലിക കണക്കുകൾ) കേരളം സന്ദർശിച്ചിട്ടുണ്ട്.

സ്റ്റാർ ഹോട്ടലുകൾ

200 (202) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര -നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഫൈവ്സ്റ്റാർ, ഫോർസ്റ്റാർ, ത്രീസ്റ്റാർ, ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത ഹോട്ടലുകളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ കേന്ദ്ര ടൂറിസം വകുപ്പ് ക്ലാസിഫൈ ചെയ്ത 7 ഫൈവ്സ്റ്റാർ ഹോട്ടലുകളും 9 ഫോർ സ്റ്റാർ ഹോട്ടലുകളും 36 ത്രീസ്റ്റാർ ഹോട്ടലുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഏഴു ഫൈവ്സ്റ്റാർ ഹോട്ടലുകളിൽ താജ് മലബാർ, കൊച്ചി ഫൈവ് സ്റ്റാർ ഡീലക്സാണ്.

(ബി) ലിസ്റ്റ് ഇതോടൊപ്പം വച്ചിട്ടുണ്ട്. †

† അനുബന്ധം - XXIX

LIBRARY ARCHIVES Kerala Legislative Assembly